# ഗുണകാംക്ഷയുടെ തലങ്ങൾ

عَنْ جَرِيرِ بْنِ عَبْدِ اللّٰهِ رَضِىَ اللّٰهُ عَنْهُ قَالَ: " بَايَعْتُ رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ عَلَى إِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ وَالنُّصْحِ لِكُلِّ مُسْلِمٍ" (رواه مسلم)

**ജരീറുബ്നു അബ്ദില്ല അൽബജ്ലി(റ) പറയുന്നു: ''നമസ്കാരം നിലനിർത്തുമെന്നും സകാത്ത് നൽകുമെന്നും എല്ലാ മുസ്‌ലിംകളോടും ഗുണകാംക്ഷയുള്ളവനാകുമെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനോട് പ്രതിജ്ഞ ചെയ്തു'' (മുസ്‌ലിം).**

നമസ്കാരം നിലനിർത്തേണ്ടതിന്റെയും സകാത്ത് നിർവഹിക്കേണ്ടതിന്റെയും പ്രാധാന്യവും മുസ്‌ലിംകൾ തമ്മിലുള്ള വ്യവഹാരങ്ങളിൽ പാലിക്കേണ്ട നൈതികതയും പഠിപ്പിക്കുന്ന ഹദീസാണിത്. നമസ്കാരം ദീനിന്റെ നെടുംതൂണാണ്. നമസ്കാരം നിലനിർത്തേണ്ടത് ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാകുന്നു. 'നമസ്കാരം നിലനിർത്തിയാൽ ദീൻ നിലനിർത്തി' എന്നാണ് നബിവചനം.

നമസ്കാരം അല്ലാഹുവോടുള്ള കടമയാകുന്നു. അല്ലാഹുവും മനുഷ്യനും തമ്മിലുള്ള സുദൃഢബന്ധ(സ്വിലത്ത്)മാണ് നമസ്കാരം. അതുകൊണ്ടാണ് നമസ്കാരത്തിന് 'സ്വലാത്ത്' എന്ന നാമകരണം ഉണ്ടായത്. വിശ്വാസി നാഥനുമായി നടത്തുന്ന സ്വകാര്യ സംഭാഷണമാണത്. ഉത്തമ വ്യക്തിയും ഉത്കൃഷ്ട സമൂഹവും ശാന്തിനിറഞ്ഞ ലോകവും നമസ്കാരത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്നു. തത്തുല്യ പ്രാധാന്യമുള്ള ആരാധനാ കർമമാണ് സകാത്ത്. സകാത്ത് മനുഷ്യരോട് ബന്ധപ്പെട്ട ആരാധനയാണ്. ദൈവദാസന്മാർക്ക് സകാത്ത് നൽകുക വഴി അല്ലാഹുവുമായി അടുക്കാനും അവന്റെ തൃപ്തി നേടാനും സാധിക്കും. സകാത്ത് ആത്മാവിനെ സംസ്കരിക്കുന്നതോടൊപ്പം സമ്പത്തിനെ ശുദ്ധീകരിക്കുകയും അതിൽ വളർച്ചയുണ്ടാക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിക നാഗരികതയുടെ നെടുംതൂണാണ് സകാത്ത് വ്യവസ്ഥ. യഥാവിധി സകാത്ത് നൽകുന്നുവെങ്കിൽ ആപത്തുകളിൽനിന്ന് അല്ലാഹു സംരക്ഷിക്കും. സമൂഹത്തിൽ ശാന്തിയും നിർഭയത്വവും സുരക്ഷിതത്വവും സകാത്ത് വ്യവസ്ഥ കൃത്യമായി നടപ്പിലാക്കുന്നതിലൂടെ കൈവരും. സകാത്ത് വ്യക്തിസംസ്കരണത്തിനെന്ന പോലെ സമൂഹക്ഷേമത്തിനും അനിവാര്യമാകുന്നു.

വിശ്വാസികൾ പരസ്പരമുള്ള ഇടപാടുകളിൽ പാലിക്കേണ്ട ഉന്നതമായ മാനവിക മൂല്യമാകുന്നു ഗുണകാംക്ഷ അഥവാ നസ്വീഹത്ത്. സഹജീവികൾക്ക് നന്മയും ഗുണവും കാംക്ഷിക്കുന്നതാണ് നസ്വീഹത്ത്. ഗുണകാംക്ഷയിൽ തികഞ്ഞ ആത്മാർഥത അനിവാര്യം. മെഴുകിൽനിന്ന് ശുദ്ധമായ തേൻ സ്ഫുടം ചെയ്തെടുക്കുന്നതിനും മാലിന്യത്തിൽനിന്ന് സ്വർണം വേർതിരിച്ചെടുക്കുന്നതിനും 'നസ്വഹ' എന്ന് അറബിഭാഷയിൽ പ്രയോഗിക്കുന്നു. ഉപദേശം തേടുന്നവനെ ആത്മാർഥമായി ഉപദേശിക്കേണ്ടത് ഗുണകാംക്ഷയുടെ മഹത്തായ പാഠമാണ്. പ്രവാചകൻ(സ) പറയുന്നു: ''നിങ്ങളോട് ഉപദേശം തേടിയാൽ ആത്മാർഥതയോടെ ഉപദേശിക്കുക.'' പ്രവാചകാനുയായികളിൽ ചിലർ പറഞ്ഞതായി ഹസൻ(റ) ഉദ്ധരിക്കുന്നു: ''എന്റെ ആത്മാവ് ഏതൊരുവനിലാണോ അവനിൽ സത്യം, നന്മ ഉപദേശിച്ചുകൊണ്ട് ഭൂമിയിൽ സഞ്ചരിക്കുന്നവനാണ് അല്ലാഹുവിന് ഏറ്റവും പ്രിയം നിറഞ്ഞ ദൈവദാസൻ'' (*ജാമിഉൽ ഉലൂം വൽ ഹികം*-ഇബ്നു റജബ്).

അബൂബക്ർ മുസ്നി(റ) പറയുന്നു: ''സ്വഹാബികളിൽ അബൂബക്ർ മികച്ചുനിന്നത് വ്രതാനുഷ്ഠാനം കൊണ്ടോ നമസ്കാരം കൊണ്ടോ ആയിരുന്നില്ല. അതിനെല്ലാം മുമ്പേ, ദൈവസ്നേഹം കൊണ്ടും ദൈവസൃഷ്ടികളോടുള്ള ഗുണകാംക്ഷ കൊണ്ടുമായിരുന്നു'' (*ജാമിഉൽ ഉലൂം*). ഏറ്റവും ശ്രേഷ്ഠമായ കർമങ്ങൾ ഏതെന്ന അന്വേഷണത്തിന് 'അല്ലാഹുവോടുള്ള ഗുണകാംക്ഷ' എന്നായിരുന്നു അബ്ദുല്ലാഹിബ്നു മുബാറക് നൽകിയ മറുപടി.

ഫുദൈലുബ്നു ഇയാദ്(റ) പറയുന്നു: ''നമസ്കാരം കൊണ്ടും വ്രതാനുഷ്ഠാനം കൊണ്ടും നേടുന്നതിനേക്കാൾ ശ്രേഷ്ഠത മനസ്സിന്റെ ഔദാര്യം കൊണ്ടും നിഷ്കളങ്കമായ ഹൃദയം കൊണ്ടും സമുദായത്തെ ഗുണദോഷിക്കുന്നതുകൊണ്ടും നേടിയെടുക്കുന്നതാണ്.'' അദ്ദേഹം വീണ്ടും എഴുതുന്നു: ''സത്യവിശ്വാസി മറ്റുള്ളവരുടെ ന്യൂനത മറച്ചുവെക്കുകയും അവരെ ഗുണദോഷിക്കുകയും ചെയ്യുന്നവനാണ്. എന്നാൽ അധർമി മറ്റുള്ളവരുടെ അഭിമാനം ക്ഷതപ്പെടുത്തുകയും മറ്റുള്ളവരെ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവനാണ്'' (*ജാമിഉൽ ഉലൂം*).

നസ്വീഹത്തിന്റെ വിശാലമായ മേഖല ഇമാം നവവി(റ)യുടെ വാക്കുകളിൽ: ''മുസ്‌ലിംകളുടെ ഐഹികവും പാരത്രികവുമായ നന്മക്കു വേണ്ടി ഉപദേശങ്ങൾ നൽകുക. അവർക്കേൽക്കുന്ന ഉപദ്രവങ്ങൾ തടയുക. അവർക്ക് ദീനീകാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കുക. കർമം കൊണ്ടും വചനം കൊണ്ടും സഹായിക്കുക. അവരുടെ ന്യൂനതകൾ മറച്ചുവെക്കുക. പോരായ്മകൾ പരിഹരിക്കുക. അവർക്ക് ദോഷകരമായ കാര്യങ്ങൾ ചെയ്യാതിരിക്കുക. നന്മ കൽപിക്കുകയും നന്മയുടെ പാത കാണിച്ചുകൊടുക്കുകയും ചെയ്യുക. സ്നേഹത്തോടെയും ആത്മാർഥതയോടെയും സൗമ്യമായും തിന്മ ചെയ്യുന്നതിൽ നിന്ന് അവരെ തടയുക. ദയാവായ്പോടെ പെരുമാറുക. അവരെ വഞ്ചിക്കാതിരിക്കുക. അവരോട് അസൂയപ്പെടാതിരിക്കുക. തനിക്ക് താൻ ഇഷ്ടപ്പെടുന്ന നന്മകൾ മറ്റുള്ളവർക്കു വേണ്ടിയും ഇഷ്ടപ്പെടുക. തനിക്ക് സംഭവിക്കാനിഷ്ടപ്പെടാത്ത കാര്യങ്ങൾ അവർക്കും സംഭവിക്കാതിരിക്കാൻ ആശിക്കുക. അവരുടെ അഭിമാനവും ധനവും സംരക്ഷിക്കുക. ദൈവാനുസരണമാർഗത്തിൽ കർമനിരതരാകാൻ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുക'' (*അൽ മിൻഹാജു ഫീ ശർഹി സ്വഹീഹി മുസ്‌ലിം* 1/38,39).

പ്രമുഖ സ്വഹാബി ജരീറുൽ ബജ്ലി(റ) തന്റെ ദാസനെ ഒരു കുതിരയെ വാങ്ങാൻ പറഞ്ഞയച്ചു. അയാൾ 300 ദിർഹം വില പറഞ്ഞുറപ്പിച്ച് കുതിരയെ വാങ്ങി അതിന്റെ ഉടമസ്ഥനെയും കൂട്ടിവന്നു. കുതിരയെ കണ്ട ജരീർ(റ) ഉടമയോട് പറഞ്ഞു: ''താങ്കളുടെ കുതിര മുന്തിയ ഇനമാണ്. ഞാനതിന് 800 ദിർഹം വില നൽകാം.'' ആ സംഖ്യ അദ്ദേഹം നൽകുകയും ചെയ്തു. അതേക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, എല്ലാ വിശ്വാസികളോടും ഗുണകാംക്ഷയോടെ പെരുമാറുമെന്ന് താൻ നബിയോട് പ്രതിജ്ഞ ചെയ്തിരുന്നു എന്നാണ്. സ്വഹാബിയായ ജരീറിന്റേത് മഹത്തായ മാതൃകയാണ്. കുതിരയുടെ ഉടമ അതിനെ 300 ദിർഹമിന് വിൽക്കാൻ സ്വയം സന്നദ്ധനായിരുന്നു. പക്ഷേ മുന്തിയ ഇനത്തിൽപെട്ട ആ കുതിരക്ക് യഥാർഥത്തിൽ അതിന്റെ ഇരട്ടിയിലധികം വില കിട്ടുമെന്ന് മനസ്സിലാക്കിയ അദ്ദേഹമത് സ്വമേധയാ നൽകാൻ തയാറായി. തന്റെ സഹോദരന് ന്യായമായും ലഭിക്കേണ്ട വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുന്നത് അയാളോട് ചെയ്യുന്ന അനീതിയായിരിക്കുമെന്ന് തിരിച്ചറിഞ്ഞു. തനിക്ക് ലാഭമുണ്ടാകുന്നത് തന്റെ സഹോദരന് നഷ്ടം വരുത്തിക്കൊണ്ടാവരുതെന്ന ഗുണകാംക്ഷാനിർഭരമായ മനസ്സാണ് പ്രവാചകപാഠശാലയിൽ അഭ്യസിച്ച ജരീറി(റ)നെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിച്ചത്. ഗുണകാംക്ഷ പ്രവാചകന്മാരുടെ സ്വഭാവ ഗുണമായിരുന്നു. ''ദീൻ എന്നാൽ ഗുണകാംക്ഷയാകുന്നു''(*മുസ്‌ലിം*). ●